പുതിയ ബസ് ഡിപ്പോകൾ

99 [1305] ശ്രീ. ശ്രീ. പിതമ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ ബസ് ഡിപ്പോകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ തവനൂർ നിയോജകമണ്ഡലത്തിലെ തിരുമറയിൽ പുതിയ ബസ് ഡിപ്പോ ആരംഭിക്കുമോ;

(സി) കൊച്ചുവേളിയിലെ നിർദ്ദിഷ്ട റെയിൽവേ ടെർമിനലിനോടനുബന്ധിച്ച് ഒരു പുതിയ ബസ് ടെർമിനൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം പരിഗണനയിലാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) തൽക്കാലം പരിഗണനയിലില്ല.

പേരൂർക്കടയിൽ നിന്നും കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ

100 [1306] ശ്രീ. കെ. മോഹനൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരൂർക്കട കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും 2005 ജനുവരി മാസം എത്ര ബസ് സർവ്വീസുകൾ ക്യാൻസൽ ചെയ്യപ്പെട്ടുവെന്ന് അറിയിക്കാമോ;

(ബി) ഈ ഡിപ്പോയിലെ ഡ്യൂട്ടി നമ്പർ 42, 54, 55, 73, 74-എ എന്നിവ 2005 ജനുവരി മാസത്തിൽ എത്ര ദിവസം സർവ്വീസ് നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഡി) ഈ ട്രാൻസ്പോർട്ട് ഡിപ്പോയിലെ ഡ്യൂട്ടി നമ്പർ 27, 64എ, 72, 72എ, 73എ, 74, 78എ, 79, 87 എന്നീ സർവ്വീസുകൾ 2005 ജനുവരി മാസത്തിൽ എത്ര ദിവസം സർവ്വീസ് നടത്തിയെന്ന് അറിയിക്കാമോ;

(ഇ) വ്യാപകമായ ക്യാൻസലേഷൻ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(എഫ്) 2004 സെപ്റ്റംബറിനുശേഷം പേരൂർക്കട ഡിപ്പോയിലേയ്ക്ക് എത്ര ബസ്സുകൾ അനുവദിച്ചുവെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) പേരൂർക്കട ഡിപ്പോയിൽ അനുവദിക്കപ്പെട്ട മുഴുവൻ സർവ്വീസുകളും പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 241 സർവ്വീസുകൾ കൃാൻസൽ ചെയ്തിട്ടുണ്ട്.

(ബി) ഡ്യൂട്ടി നമ്പർ 42, 55, 73, 74-എ എന്നിവ സർവ്വീസ് നടത്തിയിട്ടില്ല. ഡ്യൂട്ടി നമ്പർ 54 രണ്ട് ദിവസം സർവ്വീസ് നടത്തിയിട്ടുണ്ട്.

(സി) ഏറ്റവും വരുമാനം കുറവും, കോർപ്പറേഷന് നഷ്ടം വരുത്തുന്നതും കാരണമാണ് ടി സർവ്വീസുകൾ കൃാസൽ ചെയ്തത്. ബസ്സുകളുടെ അപര്യാപ്തതയും ജീവനക്കാരുടെ കുറവും സർവ്വീസ് കൃാൻസലേഷന്റെ മറ്റൊരു കാരണമാണ്.

(ഡി) ഡ്യൂട്ടി നമ്പർ 27 രണ്ട് ദിവസവും, 64-എ 18 ദിവസവും, 72, 72-എ എന്നിവ ഇരുപത് ദിവസവും, 74 ഒൻപത് ദിവസവും, 79 പത്ത് ദിവസവും, 82 ഒരു ദിവസവും സർവ്വീസ് നടത്തിയിട്ടുണ്ട്. ഡ്യൂട്ടി നമ്പർ 73-എ, 78-എ എന്നിവ സർവ്വീസ് നടത്തിയിട്ടില്ല.

(ഇ) നഷ്ടത്തിൽ ഓടുന്ന സർവ്വീസുകൾ പുനഃക്രമീകരിച്ചു യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമായ രീതിയിൽ സർവ്വീസ് നടത്തുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. അറ്റകുറ്റപണികൾക്കായി വർക്ക്ഷോപ്പുകളിൽ ഇട്ടിരിക്കുന്ന ബസ്സുകളുടെ പണികൾ എത്രയുംവേഗം പൂർത്തിയാക്കുന്നതിനും അവ നിരത്തിലിറക്കുന്നതിനും, പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനും അങ്ങനെ കൃാൻസലേഷൻ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഒരു പുതിയ മിനി ബസ് അനുവദിച്ചിട്ടുണ്ട്.

(ജി) നടപടികൾ സ്വീകരിക്കുന്നുണ്ട്.

ചാത്തന്നൂരിലെ കെ. എസ്. ആർ. ടി. സി. യുടെ നിർദ്ദിഷ്ട ഡീസൽ പമ്പ്

101 [1307] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോയ്ക്ക് അനുവദിച്ച ഡീസൽ പമ്പിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീയതി തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly